# പച്ച 1


ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



ജി.എച്ച്.എസ്.എസ് മാലോത്ത് കസബ



ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

## അകത്താളുകളിലൂടെ


സന്ദേശം

അയാളുടെ കഥ ഇവിടെ തീരുകയാണ്

മരം പറഞ്ഞ കഥ

ജലധാരയുടെ മടിത്തട്ടിൽ

അതിജീവനം പ്രകൃതി മന്ത്രം

വായനാശീലം വിദ്യാർത്ഥികളിൽ

The Little Flower

The Silent Killer

വരകൾ വർണ്ണങ്ങൾ

അമ്മയുടെ കാത്തിരുപ്പ്

എല്ലാവരുടേയും ഇരയായിപ്പോയി

അഭിനന്ദനങ്ങൾ

അനർഘനിമിഷങ്ങൾ

ഒരു സ്വപ്നത്തിന്റെ കഥ

ഹൃദയപൂർവ്വം




പച്ച 4

# പത്രാധിപസമിതി

ആയിശത്ത് ഹസ്ന വി പി

സഞ്ജന എം എസ്

ആര്യ ബാലകൃഷ്ണൻ {കവർ പേജ്}

ലിനോൾഡ് മാത്യു

മെബിൻ വിൻസെന്റ്

വൈഷ്ണവി കെ എസ്

മുബഷിറ അസീസ്

അൽഫോൻസ സിജെ

കാവ്യ കരുണാകരൻ

നന്ദന രാജു

അർച്ചന സിബി

അഭിനവ് രാജേഷ്

അഷ്ഹാദ് സി

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

# പച്ച



പച്ച
ജീവന്റെ പ്രതീകമാണ്.
അതിജീവനത്തിന്റെയും.
ജീവശലഭങ്ങൾക്ക് ചിറക് വിരിച്ച്
സർഗഭാവനയുടെ പച്ച തുരുത്തിലേക്ക
ചേക്കേറാൻ
'പച്ച' പ്രചോദനമാകുന്നു.
പുഴയുടെ ജീവധാരകളിൽ
തുടിച്ചുയരാൻ
പൂവിലും പുല്ലിലും
പുലരിയുടെ പുതുമ തേടാൻ
വർണ്ണങ്ങളുടെ ആകാശത്ത്
പറന്നുയരാൻ
ബാലഭാവനകൾക്ക്
'പച്ച 'കൗതുകമാകുന്നു.
നല്ല ലോകത്തെക്കുറിച്ചുള്ള
പുതു പ്രതീക്ഷകളോടെ
കലയുടെയും കവിതയുടെയും
'പച്ച' തുരുത്തുകളിൽ
ഹരിത മനസ്സോടെ ഉല്ലസിക്കാൻ
കൊച്ചുകൂട്ടുകാരെ
'പച്ച' നിറഞ്ഞമനസ്സോടെ
സ്വാഗതം ചെയ്യുന്നു.


എഡിറ്റർ
മെബിൻ വിൻസെന്റ്

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

# സന്ദേശം

വിവര സാങ്കേതിക വിദ്യയുടെ അതിപ്രസരന്നാൽ വ്ജ്ഞാനം വിരൽ തുമ്പിലെത്തി നിൽക്കുന്ന ഈ ഹൈടെക് യുഗത്തിൽ മാലോത്ത് കസബ ഗവ.ഹയർ സെക്കൻഡറി സ്കൂളിലും 'ലിറ്റിൽ കൈറ്റ്സ് ' ഐ.ടി ക്ലാസിന്റെ പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പിലാക്കി വരുന്നു. ഇതിനോടനുബന്ധിച്ച് കട്ടികൾ നിർമിച്ച ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. മാഗസിൻ നിർമാണത്തിൽ പങ്കെടുക്കുന്ന എല്ലാ കട്ടികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ. വരും നാളുകളിലും സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യമുള്ള,സംസ്കാര സമ്പന്നരായ, നാടിന്റെ അഭിമാനമായി വളരാൻ കരുത്തുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ ഐ.ടി കൂട്ടായ്മയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം



പ്രകാശൻ കെ.വി (എച്ച്.എം)

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

## അയാളുടെ കഥ ഇവിടെ  തീരുകയാണ്



കടൽത്തീരത്ത് ബെഞ്ചിൽ അയാൾ വെറുതെ തലകുനിച്ചിരിക്കുകയായിരുന്നു. സൂര്യൻ അയാളുടെ തലയ്ക്കുമീതെ കത്തിജ്വലിക്കുന്നുണ്ടായിരുന്നു."ഇനിയും എത്ര നേരം........."അയാൾ സ്വയം ചോദിച്ചു. ചുറ്റുമുള്ളവരാരും അയാളെ ശ്രദ്ധിക്കുന്നില്ലിയിരുന്നു. അയാൾ വാച്ചിൽ സമയം നോക്കി.ശക്തമായ കടൽക്കാറ്റേറ്റ് അയാളുടെ മുടി പാറിപ്പറക്കുന്നുണ്ടായിരുന്നു.വരണ്ട കൈകളാൽ  അയാൾ തന്റെ മുടി കോതിയൊതിക്കി. അലസമായി ചുറ്റും നോക്കി.എല്ലാവരും സന്തോഷത്തോടെ മണലിൽ ഓടിയും ചാടിയും നടക്കുന്നു.പതിയെ അയാൾ എണിറ്റ് തന്റെ ബൈക്കിനടുത്തേക്ക് നടന്നു.തന്റെ ബൈക്കിനെ പതിയെ തഴുകി.

"ഞാൻ വരാൻ ലേറ്റായോ "

"ഓ.........ഇല്ലന്നെ......  "
"വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ മോൻ പറഞ്ഞു വരുമ്പോൾ ബിരിയാണി വാങ്ങണംന്ന്.അത് തപ്പി പോയതാ....."
"ആ "
"ദാ പൈസ " ആഗതൻ അയാൾക്ക്ഒരു പൊതിക്കെട്ട് കൈമാറി.അയാൾ ആ പൊതിക്കെട്ട് വാങ്ങി.അയാളുടെ കണ്ണുകൾ വിടർന്നു.ഒരു നിമിഷത്തേക്ക് അയാൾ തന്റെ ബൈക്കിന്റെ കീ ആഗതനു കൈമാറി.ആഗതൻ ആ ബൈക്ക് എടുത്ത് യാത്രയായി.........

തന്റെ ശരീരത്തിലെ  ഒരു ഭാഗം അടർന്നു പോയ പോലെ അയാൾക്ക് തോന്നി. തന്റെ 25-ാം പിറന്നാളിന് അച്ചൻ സമ്മാനിച്ചതാണ് ആ ബൈക്ക്. ആ ബൈക്കിനോ അവനോ അറിയില്ല എത്രയോ ദൂരം താണ്ടിയെന്ന്....അതിലൊരു യാത്രയില്ലേ.... താൻ അമ്മുവിനെ കണ്ടെത്തിയത്. ആ ചുറ്റമ്പലം, പുഴയുടെ തീരം, അവളെ ചെന്ന് പ്രേമാഭ്യർത്തന നടത്തിയത്....എല്ലാം......
അയാൾപെട്ടന്ന് തന്റെ ചിന്തയിൽ നിന്നുണർന്നു.
"എന്റെ പൊന്നു ചേട്ടാ ആ വഴിയൊന്ന് മാറ്."
"ഓ സോറി ട്ടോ......"

അയാൾ അരികിലേക്ക് മാറി. കാറോടിച്ചയാൾ എന്തോ പിറുപിറുത്തു.അയാൾ വീണ്ടും തന്റെ വാച്ച് നോക്കി സമയം

2.45.അയാൾ ബസ്റ്റാന്റിലേക്ക് ആ പൊതിക്കെട്ട് പിടിച്ചു നടന്നു.നടക്കുമ്പോഴും അയാളുടെ ചിന്ത മറ്റെങ്ങോ ആയിരുന്നു. ഒരു ബൈക്ക് യാത്രക്കാരൻ അയാളുടെ അടുത്ത് വന്ന് നിർത്തി.

"ആ സുരേഷേട്ടാ...... "

"അല്ല ഇതാര് രമേശോ?" അയാൾ തുടർന്നു"എങ്ങോട്ടാ"

"ഞാൻ ഈ ടൗൺ വരെ. സുരേഷേട്ടനോ."

"ഞാൻ ആശുപത്രിയിലേക്കാ.. "

"എന്നാ കേറ്. "അയാൾ ആ വണ്ടിയിൽ കയറി. അവർ യാത്ര തുടർന്നു.ആ പൊതിക്കെട്ട് തന്റെ കയ്യിലുണ്ട് എന്ന് അയാൾ ഉറപ്പു വരുത്തി.ആശുപത്രിക്ക് മുന്നിലായ് രമേശ് ബൈക്ക് നിർത്തി.

"ശരി"

"ഓക്കെ "

സുരേഷ് തന്റെ വാച്ചിലേക്ക് നോക്കി.സമയം 3 മണി. തന്റെ കർത്തവ്യത്തിലെ ഒരു വലിയ കടമ്പ താണ്ടിയതായ് അയാൾക്കു തോന്നി. അയാൾ മുന്നോട്ട് നടക്കാൻ തുനിഞ്ഞു.പക്ഷെ തന്റെ കാലുകൾ അനങ്ങുന്നില്ല.തനിക്കിതെന്ത് പറ്റി എന്ന് വിചാരിച്ച അയാൾ ധൈര്യം വീണ്ടെടുത്ത് മുന്നോട്ട് നടന്നു.ആശുപത്രിയുടെ ഗേറ്റിനടുത്ത് നിന്ന സെക്യൂരിറ്റി

മമ്മദ് കുശലം ചോദിച്ചു.

"അള്ളോ ഇതാര് മ്മടെ സുരേഷോ? കുറെയായല്ലോ കണ്ടിട്ട്.
അനക്കിപ്പം പണിയൊന്നുമില്ലേ... "

"വല്ലപ്പോഴും കിട്ടും."

പരിചയക്കാരനോടാണ് സംസാരിച്ചതെങ്കിലും അത്
അയാൾക്ക് അരോചകമായ് തോന്നി.ആശുപത്രിയിലെ
കൗണ്ടറിലേക്ക് അയാൾ നടന്നു. കൗണ്ടറിനു മുന്നിലെ
ക്യൂവിൽ നിന്നു. അയാളുടെ
അവസരമെത്തി.



പേര്

അശ്വിൻ

മിസ്റ്റർ സുമേഷിന്റെ മോനല്ലേ?

അതെ.

ഒരു ലക്ഷം രൂപ.

ദാ പൈസ കൗണ്ടറിലേക്ക് നീട്ടി അയാൾ ഐസി യു
വിന്റെ മുന്നിലേക്ക് നടന്നു. കരഞ്ഞ് കണ്ണ് കലങ്ങിയ ഒരു
സ്ത്രീ അയാളോട് ചോദിച്ചു .

"പൈസ അടച്ചോ? "

"ങ്ങും "

നീണ്ട കാത്തിരിപ്പ്.അയാൾ വാതിലിനു പുറത്ത് കസേരയിൽ
ഇരുന്നു.ഡോക്ടർമാർ ഐ സി യുവിന്റെ വാതിൽ തുറന്ന്

പുറത്തിറങ്ങി.ഡോക്ടർ അയാളുടെ അടുത്ത് വന്ന് പറഞ്ഞു. "ഞങ്ങളെ കൊണ്ട് ആവുന്നത് ചെയ്തു.പക്ഷെ......വൈദ്യശാസ്ത്രത്തിനും ഒരു പരിതിയില്ലേ...?വീ ആർ സോറി.... "
തന്റെ ജീവിതം അവിടെ ആ കസേരയിൽ ഉറച്ച് പോകുന്നതായി അയാൾ തിരിച്ചറിഞ്ഞു.

ജിത്തു.ബി 10A

## മരം പറഞ്ഞ കഥ



*നീലാകാശത്തിന് കീഴിൽ മറ്റൊരു ആകാശം തീർത്ത് നിൽക്കുന്ന എന്റെ പേര് ഞാവൽ എന്നാണ്. ശുദ്ധവായുവും,കുളിർക്കാറ്റും നൽകിക്കൊണ്ട് ഞാനിവിടെ നിൽക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ കുറെയായി.നിങ്ങൾ ഈ വിദ്യാലയത്തിൽവരുന്നതിനും എത്രയോ മുമ്പ് ഞാൻ ഇവിടെ ഉണ്ടായിരുന്നു എന്നെ ഇവിടെ നട്ടുവച്ചതിനു ശേഷം ഒത്തിരി കുഞ്ഞുങ്ങളുടെ ഇളം കൈകൾ എന്നെ തലോടി കടന്നുപോയിട്ടുണ്ട്. അതിനിടയിലും ചില കുസൃതിക്കുട്ടികൾ എന്നെ വേദനിപ്പിച്ചിട്ടുണ്ട്.വർഷങ്ങൾ അതിവേഗം കടന്നുപോയി.ഇപ്പോൾ ഞാൻ വളരെ വലിയൊരു വൃക്ഷമാണ്.ഇന്ന് കുട്ടികളെന്റെ തണലിൽ ആർത്തുല്ലസിക്കുമ്പോൾ ഞാനെത്ര സന്തോഷിക്കുന്നുണ്ടെന്നോ?അമ്മയുടെ കൈ പിടിച്ച് സ്കൂളിലേക്ക് കടന്നുവന്ന ഓരോരുത്തരുടെയും ബാല്യവും കൗമാരവും എന്റെ മുന്നിലൂടെ കടന്നുപോയി ബാല്യത്തിലുണ്ടായിരുന്ന നിഷ്കളങ്കതയും സ്നേഹവും കൗമാരത്തിലേക്ക് കടക്കുമ്പോഴേക്കും കുറയുന്നുണ്ടോ എന്ന് ഞാൻ ചിന്തിക്കാറുണ്ട്.*

# പച്ച 12

സമരങ്ങളും,സൗഹൃദങ്ങളും,പ്രണയങ്ങളും എന്റെ ചുവട്ടിൽനിന്ന് പൊട്ടിപുറപ്പെട്ടിട്ടുണ്ട്.കൊടിയുടെ നിറം നോക്കാതെയും വ്യക്തികളാരെന്ന് നോക്കാതെയും ഏവരെയും ഞാൻ മാടി വിളിച്ചു. എന്റെ ശിഖരങ്ങളിൽ നിങ്ങൾ പേരുകൾ കോറിയിട്ടപ്പോൾ വേദനിക്കുന്നുണ്ടെങ്കിലും ഓർമ്മകളുടെ ഒരു മധുരവും ഉണ്ടായിരുന്നു.വിദ്യാലയമെന്ന സരസ്വതി ക്ഷേത്രത്തിൽ എല്ലാവരാലും എക്കാലവും ശ്രദ്ധിക്കപ്പെടുന്ന ഒരു വൻമരമായി ഞാൻ നിൽക്കുന്നു.

കൊടും ചൂടിൽ നിന്ന് ഒരമ്മയെപ്പോലെ ഞാൻ നിങ്ങളെ അടുത്തേക്ക് ചേർക്കാറുണ്ട്. ഇന്നു നീ എന്നോട് സംസാരിക്കാൻ കാണിച്ച മനസ്സിനെ ഞാൻ സ്നേഹത്തോടെ എന്നും ഓർമ്മിക്കും.എല്ലാവരെയും ഞാൻ വിളിക്കാറുണ്ട്,നിങ്ങളുടെ വാക്കുകൾ കേൾക്കാൻ ആഗ്രഹിക്കാറുണ്ട് ഒന്ന് ശ്രദ്ധിച്ചാൽ ഈ ജീവജാലങ്ങളും,പ്രകൃതിയും എല്ലാം നിന്നോട് സംസാരിക്കുന്നത് നിനക്ക് കേൾക്കാം.

നാളെ എന്തു സംഭവിക്കുമെന്ന് എനിക്കറിയില്ല. ഇനിയും ഇതേ സന്തോഷത്തോടെ ഈ വിദ്യാലയ മുറ്റത്ത് എനിക്കുണ്ടാവണം,എന്നെ സ്നേഹിക്കുന്ന ഹൃദയങ്ങളും ഉണ്ടെന്ന വിശ്വാസത്തിൽ..................


ഹെൽന ചെറിയാൻ 10 A

## ജലധാരയുടെ മടിത്തട്ടിൽ

ഞാൻ നടത്തിയ യാത്രകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട, മറക്കാനാകാതെ മനസിൽ തങ്ങി നിൽക്കുന്നതുമായ യാത്രയാണ് വെള്ളരിക്കുണ്ട് താലൂക്കിലെ കൊന്നക്കാട് ഗ്രാമപ്രദേശത്തെ മൺസൂൺ കാല വെള്ളച്ചാട്ടമായ അച്ചൻകല്ല് വെള്ളച്ചാട്ടം.കൊന്നക്കാട് നിന്നും രണ്ടുകിലോമീറ്റർ യാത്ര ചെയ്താലേ




അവിടെ എത്താനാകൂ.അങ്ങോട്ടുള്ള യാത്രയിൽ സുഗമവും സുന്ദരവുമായ



യാത്ര കാൽനടയാണ്.ചുറ്റുമുള്ള പ്രകൃതിരമണിയമായ കാഴ്ച്ചവിരുന്നാണ് അതിന് കാരണം.

വിജനമായ ഗ്രാമാന്തരീക്ഷത്തിന്റെ സ്വാഭാവിക

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

ഭംഗികൾ ഈ വെള്ളച്ചാട്ടം അതിരപ്പള്ളി വെള്ളച്ചാട്ടത്തിന്റെ ഒരു ചെറിയ പതിപ്പു പോലെ തോന്നിക്കുന്നു.വെള്ളച്ചാട്ടത്തിന്റെ അടുത്തേക്ക് എത്തുമ്പൊഴേക്കും ഉയരത്തിൽ നിന്നും താഴേക്ക് പതിക്കുന്ന ജലധാരയുടെ ഇരമ്പൽ കേൾക്കാം .പ്രകൃതിരമണീയമായ ഭൂപ്രദേശത്തെ പ്രകൃതിയുടെ കൗശലമായ ആ ജലധാര മനസിന് കുളിർമയേകുന്ന ഒരു ദൃശ്യമാണ്.അനേകായിരം സസ്യജന്തു ജാലങ്ങളുടെ ആവാസവ്യവസ്ഥ കൂടിയാണിവിടം.ദിവസവും ഈ വെള്ളച്ചാട്ടത്തിന്റെ മനോഹാരിത ആസ്വദിക്കാനായ് നിരവധി പേർ ഇവിടെ എത്താറുണ്ട്.പ്രകൃതിയുടെ അത്ഭുത പ്രതിഭാസമണി വെള്ളച്ചാട്ടം എന്ന വിശേഷണം ഇതിന് തികച്ചും യോജിച്ചതാണ്.ഒരു കാലത്ത് ആരും അറിയപ്പെടാതെ പോയിരുന്ന ഈ വെള്ളച്ചാട്ടം ഇന്ന് ഏറെ പ്രാധാന്യമർഹിക്കുന്നു.

ആഷാമേനോന്റെ "ഒറ്റയ്ക്കു പൂത്തൊരു വാക"എന്ന യാത്രാവിവരണത്തിലെ ഒറ്റയ്ക്കു പൂത്ത വാകയെ പോലെ സവിശേഷതകകൊള്ളുന്നതാണ് ഒരു ഉറവയിൽ നിന്ന് അരുവിയായി ഒഴുകി ഒരിടുക്കിൽ നിന്ന് താഴേക്ക് പതിക്കുന്ന ഈ വെള്ളച്ചാട്ടം.

ദ്രുവഗതിയിലുള്ള വെള്ളത്തിന്റെ ഒഴുക്കിനെ തടസപ്പെടുത്തുന്ന ചില പാറക്കൂട്ടങ്ങളും അവിടവിടെയായി കാണാം.വൈവിധ്യങ്ങളുടെ കലവറയായ ഈ വെള്ളച്ചാട്ടം പ്രസാദ രഹിതമായ അനുഭവമാണ് നൽകുന്നത്.

പ്രകൃതി എന്ന മാന്ത്രികത്തിന്റെ ചുരുക്കം ചിലമായാ വിദ്യകൾ മാത്രമാണിത്.അവിടത്തെ കുളിർമയേകുന്ന അനുഭവങ്ങൾ ഒരിക്കലും മറക്കാൻ സാധിക്കില്ല.ഞങ്ങളുടെ അങ്ങോട്ടുള്ള യാത്രയിൽ ചെറുതായി മഴപൊഴിയുന്നുണ്ടായിരുന്നു.മഴയുടെ ശക്തിക്കൊപ്പം വെള്ളച്ചാട്ടത്തിന്റെ ഒഴുക്ക് ദ്രുതഗതിയിലാകുന്നു.ഒട്ടനവധി സസ്യജന്തുജാലങ്ങളുടെ ആ വാസവ്യവസ്ഥയാൽ നിലകൊള്ളുന്ന ഈ വെള്ളച്ചാട്ടം ശരിക്കും ആഹ്ലാദമുണർത്തുന്നു.

ആ കുളിർമയേകുന്ന കാഴ്ച എത്ര കണ്ടാലും മതിവരില്ല.പ്രകൃതി സൗന്ദര്യത്തിന്റെ തന്മയത്വഭാവം പ്രതിഫലിക്കുന്ന ഈ

വെള്ളച്ചാട്ടമാണ് വീട്ടിലേക്ക് മടങ്ങുമ്പോൾ മനസിൽ തങ്ങി നിൽക്കുന്നത്.

ആര്യ ബാലകൃഷ്ണൻ 9D



## അതിജീവനം പ്രകൃതി മന്ത്രം

പ്രകൃതിയും മനുഷ്യനും ഈശ്വര ചൈതന്യവും സമ്മേളിക്കുന്ന ഒരവസ്ഥയിലാണ് ജീവിതം മംഗളപൂർണമായി തീരുന്നതെന്ന് ഭാരതീയ ദർശനം പഠിപ്പിക്കുന്നു. പ്രപഞ്ചവുമായുള്ള ഈ പരസ്പര ബന്ധം ഇന്ന് നഷ്ടമായഅവസ്ഥയിലാണ്. വ്യവസായവും വികസനവും സ്വാർത്ഥത നിറഞ്ഞ ആസൂത്രണത്തിലെ കുഴപ്പങ്ങളും കൊണ്ട് നമ്മുടെ പരിസരം മലിനമായിക്കൊണ്ടിരിക്കുകയാണ്. ഭൂമിയും സമുദ്രവും ആകാശവുമെല്ലാം ഇങ്ങനെ മനുഷ്യൻ മലിനമാക്കിയിട്ടുണ്ട്.
കഴിഞ്ഞ മാസങ്ങളിൽ കേരളം കണ്ടത് ഒരു മഹാപ്രളയത്തെയാണ്. അതിന്റെ നൊമ്പരം ഇന്നും കേരളീയ ജനതയുടെ മനസ്സിൽ നിന്ന് പോയിട്ടില്ല.പതിവിലും വിപരീതമായ് മഴ പെയ്തതും പതിവിലും ശക്തമായി ഡാമുകൾ നിറഞ്ഞതും കേരളത്തെ കണ്ണീർത്തടാകമാക്കി മാറ്റി.ഇതിനെ കാരണം മനുഷ്യന്റെ അനധികൃതമായ പ്രവർത്തനങ്ങൾ ആണ്.



അന്തരീക്ഷ മലിനീകരണം പരിസര മലിനീകരണത്തിന്റെ ഏറ്റവും നല്ല തെളിവാണ്. ഫാക്ടറികളും വാഹനങ്ങളും തുപ്പുന്ന വിഷപ്പുക നമ്മുടെ അന്തരീക്ഷത്തെ സദാ മലിനമാക്കിക്കൊണ്ടിരിക്കുന്നു.അടിസ്ഥാന രാസവസ്തുക്കളുടെ പുറമെ അയ്യായിരത്തോളം രാസവസ്തുക്കൾ ഇന്ന് അന്തരീക്ഷത്തിലുണ്ട്.ഇവയിൽ പലതും ക്യാൻസറിന്റെ വിത്തുകളായി അംഗീകരിക്കപ്പെട്ടവയാണ്.

ജീവൻ നിലനിർത്തുന്നതിന് വായുപോലെത്തന്നെ ആവശ്യ മാണ് വെള്ളവും.എന്നാൽ, ശുദ്ധജലം ഇന്ന് ഒരു സങ്കൽപം മാത്രമായിക്കൊണ്ടിരിക്കുകയാണ്. വ്യവസായ ശാലകളിൽ നിന്ന് പുറത്ത് വിടുന്ന മാലിന്യങ്ങൾ നദികളെയും സമുദ്രങ്ങളെയും വിഷമയമാക്കുന്നു.അപകടകാരികളായ മെർക്കുറി,കാഡ്മിയം,സയനൈഡുകൾ,ആഴ്സനിക് തുടങ്ങിയവ ഇങ്ങനെ ജലത്തിൽ ലയിച്ച് ചേരുന്നുണ്ട്.ജല മലിനീകരണത്തിന്റെ തെളിവുകളായി ഗംഗയും യമുനയും ചാലിയാറും പെരിയാറും മാറിക്കഴിഞ്ഞു.ഇതുമൂലം കോളറ ടൈഫോയിഡ് തുടങ്ങിയ രോഗങ്ങൾ വ്യാപകമായിട്ടുണ്ട്.കേരളത്തിൽ ആറ്റുകൊഞ്ച് തുടങ്ങിയ നിരവധി വിഷിശ്ടമായ മത്സ്യസമ്പത്തുകൾ ഇ തായിത്തുടങ്ങി.വെള്ളം കെട്ടിനിൽക്കുന്ന ദേശങ്ങൾ നികത്തുന്നതും രാസവളങ്ങൾ പ്രയോഗിക്കുന്നതുമെല്ലാം ഭൂമിയുടെ ജലസംഭരണശേഷിയെ സാരമായി

നശിപ്പിച്ചിട്ടുണ്ട്.വനനശീകരണമാണ് പരിസ്ഥിതി നാശത്തിലേക്ക് വഴി തെളിക്കുന്ന മറ്റൊരു വിപത്ത് വനനശീകരണം സൃഷ്ടിക്കുന്ന മണ്ണൊലിപ്പ് കൃഷിയെ സാരമായി ബാധിക്കുന്നു.ആൾഡ്സ് ഹാക്സ്ലി പറഞ്ഞതുപോലെ ആറ്റം ബോംബ് ഒരു നഗരികതയെ  നശിപ്പിക്കും.എന്നാൽ മണ്ണൊലിപ്പ് നാഗരീകതയുടെ മാതൃത്വത്തെത്തെയാണ് നശിപ്പിക്കുക.


പ്രകൃതി സംരക്ഷണത്തിന് അനുകൂലമായ  ഒരു മനോഭാവം വളർത്തിയെടുക്കുകയാണ് ആദ്യപടി.ഇക്കാര്യം കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്ന കർത്തവ്യമാണെന്ന അവബോധം ഉണ്ടാകണം.രണ്ടാമത്തെ തലം പ്രകൃതിയെ സുന്ദരമാക്കാനും മെച്ചപ്പെടുത്താനുമുള്ള പരിശ് മങ്ങളിൽ പങ്കാളിയാവുക എന്നതാണ്.

മലിനീകരണം ലഘൂകരിക്കാനുള്ള നിരവധി സംവിധാനങ്ങൾ ശാസ്ത്ര കണ്ടെത്തിയിട്ടുണ്ടെങ്കിലും അവയെ  പൂർണ്ണമായും ഫലപ ദമാണെന്ന് കരുതുക വയ്യ.വരും തലമുറക്കുകൂടി അവകാശപ്പെട്ട ഭൂമിയെ സംരക്ഷിക്കേണ്ട കടമ നമ്മുടേതാണ്.അതിനാൽ  പ്രകൃതി സംരക്ഷണത്തിനായി നമുക്കൊരുമിച്ച്  പ്രവർത്തിക്കാം.............

*ദിയ മരിയ റോയ് 9A*

## വായനശീലം വിദ്യാർത്ഥികളിൽ

വായനയുടെ മാഹാത്മ്യം ഉയർത്തിപ്പിടിക്കേണ്ട ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.വായന എന്നത് വാക്കുകളിൽ മാത്രം ഒതുങ്ങുന്ന  ഒരു പ്രവർത്തിയായി മാറിയിരിക്കുന്നു.പുസ്തകം എന്ന അറിവിന്റെ അക്ഷയഗനിയിലേക്ക് നമ്മെ വായന എത്തിക്കുന്നു.



പുസ്തകം വഴികാട്ടിയും സുഹൃത്തും ഗുരുവും എല്ലാമാണ്.വായനയുടെ വെളിച്ചം കടന്നുചെല്ലാത്ത ഒരു വ്യക്തിയുടെ മനസ്സ് ഇരുണ്ട ഗുഹപോലെയായിരിക്കും.ഇന്ന് ലോകം മുഴുവൻ നവ മാധ്യമങ്ങൾക്ക് പുറമെ പോകുന്നു.വാർത്താമാധ്യമങ്ങളിലൂടെ ലഭിക്കുന്നതിനെക്കാളുപരി ഒരു വിഷയത്തെക്കുറിച്ച് പൂർണമായി ഗ്രഹിക്കാൻ പുസ്തകങ്ങളിലൂടെ നമുക്ക് സാധിക്കുന്നു.'പുസ്തകങ്ങൾ 'വലിയ ശക്തിയുള്ളവയാണ്.അവയ്ക്കുക് ഈ ലോകത്തെ തന്നെ മാറ്റിമറിക്കാനുള്ള കഴിവുണ്ട്.സമാധാന നോബെൽ ജേതാവായ 'മലാല യൂസഫ്സായ് 'എന്ന പന്ത്രണ്ടുവയസ്സുകാരിയുടെ വാക്കുകൾ പുസ്തകത്തിന്റെ മാഹാത്മ്യത്തെ എടുത്ത് പറയുന്നവയാണ്.- 'പുസ്തകവും പേനയുമാണ് ആയുധം.ഒരി കുട്ടിക്കും ഒരു അധ്യാപകനും ഒരു പുസ്തകത്തിനും ഒരു പേനയ്ക്കും ഈ ലോകത്തെ മാറ്റിമറിക്കാനാകും '.

പുസ്തകത്തെ അറിവിന്റെ അനശ്വരമായ സാഗരത്തിലൂടെ സഞ്ജരിക്കുന്ന ഒരാളുടെ ജീവിതത്തെ അത് മാറ്റിമറിക്കും.അതിനാൽ വായന ശീലം വളർത്തിയെടുക്കാൻ നാം ശ്രദ്ധിക്കണം.

വിദ്യാർതഥികളുടെ ജീവിതത്തിൽ വായനയ്ക്കുള്ള സ്ഥാനം വളരെ വലുതാണ്.വായന വിദ്യാർത്തികളെ ഒരു

മായാലോകത്തിലേക്ക് തന്നെ നയിക്കും.പുസ്തകവായനയിലേക്ക് അവരുടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം.ചെറിയ കുട്ടികൾക്ക് ബാല മാസിക മേടിച്ചുകൊടുത്ത് വായിപ്പിക്കുന്നതു പോലെയല്ല പ്രായമായ പക്വതയാകുന്നതിനനുസരിച്ച് വായനയുടെ സ്വഭാവത്തിലും വ്യത്യാസം ഉണ്ടാക്കണം.ഇല്ലെങ്കിൽ വ്യക്തിത്വ വികസനത്തെ അത് പ്രതികൂലമായി ബാധിക്കും.അതിനാൽ വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിന് അനുഗുണമായ രീതിയിൽ അവരുടെ വായനയിൽ വേണ്ട മാറ്റങ്ങൾ അതതു സമയങ്ങളിൽ നിർദ്ദേശിക്കുവാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതാണ്.സ്കൂളിലെ ലൈബ്രറിയിൽ നിന്ന് പുസ്തകമെടുത്ത് വായിക്കാനും അവരെ പ്രോത്സാഹിപ്പിക്കണം.അങ്ങനെ വായനയുടെ ലോകത്തേക്ക് അവരെ എത്തിക്കാൻ നാം ശ്രമിക്കണം.

പുസ്തകങ്ങൾ വായിക്കണം എന്നു പറയുമ്പോൾ എന്തെങ്കിലും ഒന്ന് ആർക്കേലും വേണ്ടി വായിക്കുന്നതിന് അർത്ഥമില്ല .സ്വന്തം താൽപര്യത്തിനും തന്റെ മനസ്സിന കുളിർമയേകുന്നതും മനസ്സിലാവുന്നതും വായിക്കാൻ ഇമ്പമുള്ളതുമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കാനും നാം ശ്രദ്ധിക്കണം.ഇത് വായനയെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കും.വാർത്താമാധ്യമങ്ങളുടെ സ്വാധീനത്തിന് അടിമയായി ലോകം മാറിയിരിക്കുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.കുട്ടികളടക്കമുള്ളവർ ഇതിന് അടിമയായി മാറാൻ തുടങ്ങിയിരിക്കുന്നു.പഠനത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കുട്ടിക്ക് മാതാപിതാക്കൾ മൊബൈൽ ഫോൺ മേടിച്ചുകൊടുക്കുന്ന സംഭവങ്ങൾ ഇന്ന് നമ്മുടെയിടയിൽ നടക്കുന്ന നിത്യ സംഭവങ്ങളാണ്.അതിന് പകരമായി അവന്റെ അറിവിന്റെ വിശാലതയ്ക്ക് വേണ്ടി ഒരു കെട്ട് പുസ്തകം വാങ്ങി കൊടുക്കുന്ന മാതാപിതാക്കൾ ഇന്ന് ചുരുക്കമാണ്.ഫേസ്ബുക്കും വാട്സപ്പിലും അകപ്പെട്ട് കുട്ടികളുടെ നല്ല ഭാവി നഷ്ടപ്പെടുത്താതെ സൂക്ഷിക്കേണ്ട സമയം



അടുത്തെത്തിയിരിക്കുന്നു.കുട്ടികളെല്ലാം നവമാധ്യമങ്ങൾക്ക് പുറകെ ചീറിപ്പാഞ്ഞുകൊണ്ടിരിക്കുകയാണ്.വാട്സപ്പിലും ഫേസ്ബുക്കിലും കളിച്ച് പഠിക്കാനുള്ള സമയം നഷ്ടപ്പെടുത്തി സ്വന്തം ജീവന് തന്നെയാണ് അവർ കെണിയൊരുക്കുന്നത്.ഇതിൽ നിന്ന് ലഭിക്കുന്നതിനേക്കാളുപരി പുസ്തകങ്ങൾ വായിക്കുന്നതാണ് അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് യോജിച്ചത്.അതിനാൽ പുസ്തകവായനയുടെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്താനും അവരെ വായനയാകുന്ന പുസ്തകങ്ങളുടെ മാന്ത്രികവലയത്തിൽ ഉൾപ്പെടുത്താനും ശ്രമിക്കണം.

ഒരു വ്യക്തിയുടെ ഉയർച്ചയ്ക്ക് പിന്നിൽ പുസ്തകങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്.വിശ്വമഹാപ്രതിഭകളായി വളർന്ന എല്ലാവരും വായനശീലമുള്ളവരായിരുന്നുവെന്നും അവൾ ജീവിതമാതൃകയാക്കിയിട്ടുണ്ടെന്നും അവരുടെ ജീവചരിത്രം പരിശോധിച്ചാൽ നമുക്ക് മനസിലാക്കാൻ സാധിക്കും.

ഇക്കാര്യത്തിൽ എബ്രഹാം ലിങ്കന്റെ മാതൃകയ്ക്ക് തുല്യമായ് മറ്റൊന്നില്ല.ചെറുപ്പത്തിൽ വായിക്കാൻ വേണ്ടി കടം വാങ്ങിയ ഒരു പുസ്തകം നനഞ്ഞു പോയതിനാൽ തിരിച്ചു കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.പകരമായി ആ ദരിദ്ര ബാലൻ ഒരു ദിവസം മുഴുവനും വിറകുവെട്ടിക്കൊടുക്കേണ്ടി വന്നു.അത്രയും ദരിദ്രമായ കുടുംബാന്തരീക്ഷത്തിലും വായനയിലൂടെ വളർന്ന അദ്ദേഹം പിൽക്കാലത്ത് അമേരിക്കയുടെ മഹാനായ പ്രസിഡന്റായി മാറിയത്.അതുപോലെത്തന്നെ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജീവിതത്തിന് വഴികാട്ടിയായി നയിച്ചതും ഒരു പുസ്തകമാണ്-'ഭഗവത്ഗീത '.ചരിത്രത്തിന്റെ താളുകളുടെ ഭാഗമായി മാറിയവരുടെ ജീവിതത്തിലും പുസ്തകങ്ങളുടെ സാന്നിധ്യം അവിസ്മരണീയമാണ്.

'വായന മരിക്കുന്നു ' എന്ന നിലവിളി ഉയർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പുസ്തകങ്ങളാകുന്ന വഴികാട്ടിയോടൊത്ത് സഞ്ചരിക്കാൻ നമുക്കും പരിശ്രമിക്കാം.

*സ്നേഹ മരിയ ജേക്കബ് 9A*

## *The Little Flower*



Iam a kind little flower
The part of Nature;
God gives me a chance
To see the miracles of Nature,
The changes with the help of God
But some time I feel boaring.
The Banyan tree, my master,
Requested me to sing a song
Wish his sharp, deep sound-
the voice of Nature
Compel me to sing a beautiful song.
I stopped the lines of a song
By singing the last line.
My friends appreciated me
for the beauty song
I thanked the God.

**Jesnow Biju 8A**

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

# THE SILENT KILLER

*The forester's are the gold coins of KERALA. Once a man named raghu and his friends were sitting in the forest. They put a challenge before raghu. That he should go to country from forest. He take it as a challenge. He moved towards the country land. In the forest they lived in together. They collected food from everywhere. They eat food when they were hungry from every house. Raghu lived in this conditions. He moved towards the country land. He travelled through roads forests and all. He saw different kind of people in that travel. Destroyed forests,huge buildings,vehicles,roads,polluted ponds,rivers factories etc. After some time he feel trouble in breathing. He saw everywhere wearing masks and after some time they are moving to a shop and doing something. He asked to a men what are they doing in that shop. The men laughed at him Ha.....Ha.....,haaa and told him it is not a shop they are oxygen parlers. Another question arrived oxygen parlers. What are they? For what purpose these are used? Hey man are you fool or acting as a fool?why? Now even children also know what it is! The air in towns are polluted. When we give cash we get oxygen to breathe. Oh who made this air polluted? I don't know then bye its my turn to breathe. After hearing all he was very exited and sad. Oh air also polluted . What a pathetic situation. When hearing all this and seeing everything  he forgot the knowledge about time. By looking the sun he realised the time  2:30 have passed. His stomach started to cry before him that give me food man otherwise you will fall down. He realised that cry. He thought that he can take food from anywhere.*

*He saw a house. He move towards that house and take some food and ate it. After hearing noise the house owner came and grab his neck and roared to neighbours thief..... thief.............................................*

*But tried to convince him but he cannot! Neighbours arrived they questioned him as a thief. He was very frightened. I can see his innocence in his eyes. But I can't say anything. My mouth were covered with social blot. They tied him on a tree. They tread and tread the poor raghu. I stood there as viewer of the killing ceremony. He was beaten by one by one. Without asking for what he eaten food or never thinking he ate that food because of hungriness. After crucifixion he died in country land who came to see the beauty of country land. Just for eating some food. They removed his clothes and made him naked. Not at all they take selfie with him. Tears and blood flowed like a waterfall from his body. Put bear bottle through the excretory hole and broke. Every look at him and*

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ


laughed. Now his friends will waiting for his come back. And description country land. Who thought country land is heaven but he died in that devil land. The little word uttered by the forest have fell in the forest land. Now I know one thing social status kill a man.

ലിനോൾഡ് മാത്യു 8 A


# വരകൾ വർണ്ണങ്ങൾ









# അമ്മയുടെ കാത്തിരിപ്പ്



കാത്തിരിപ്പൂ കണ്ണീരുമായൊരമ്മ
തൻ മകനെയോർത്ത്
എത്രനാളായ് അമ്മ തൻ മനസ്സ് കാത്തിരിപ്പൂ

നിന്നെക്കാണാൻ മിഴി തുറന്ന് കാത്തിരിപ്പൂ
നാളുകളും കാലങ്ങളും കഴിഞ്ഞുപോയി
കാത്തിരിപ്പ് ബാക്കിയായി

നീ വരുന്ന നേരത്താ അമ്മതൻ
മനസ്സ് സന്തോഷം കൊണ്ട് കളിയാട്ടം
ഉമ്മറത്തിണ്ണയിൽ അമ്മകാത്തിരിപ്പൂ
മകന്റെ കാലൊച്ച കോൾക്കാൻ കൊതിച്ച്

നിൻ ശബ്ദലയങ്ങൾ കാതോർക്കാൻ
ഈശ്വരനെ മനസ്സിലോർത്ത്
അമ്മയുടെ ജീവിതം ബാക്കിയായ്............

സാനിയാ തോമസ് 7 എ

# എല്ലാവരുടെയും ഇരയായിപ്പോയി


ഇന്നലത്തെ ക്ഷീണം അയാളെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു, അതുകൊണ്ടാവാം അയാൾ ബോധമില്ലാത്തമില്ലാത്തവനെപ്പോലെ മയക്കത്തിൽ തന്നെ തുടർന്നുകൊണ്ടിരിക്കുന്നതെന്ന് വിചാരിച്ച് സായ അവളുടെ ജോലി ചെയ്ത് വീട്ടിലേക്ക് മടങ്ങാനൊരുങ്ങി. എന്നാൽ ഏന്തോ ഒരു കാര്യം അവളെ അവിടെ നിൽക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നതായി അവൾക്ക് തോന്നി. മാത്രമല്ല,പുറത്ത് നല്ല മഴയും. അവൾ മഴ കഴിയട്ടെ എന്ന് വിചാരിച്ച് അവിടെത്തന്നെ നിന്നു. അവൾ വെറുതെയിരിക്കുന്നത് ഇഷ്ട്ടപ്പെട്ടിരുന്നില്ല. വെറുതെയിരിക്കുമ്പോഴൊക്കെ എന്തോ തെറ്റ് ചെയ്യുന്നതുപോലെയാണ് അവൾക്ക് അനുഭവപ്പെട്ടത്. അതിനാൽത്തന്നെ അവിടെയൊക്കെന്ന് മുഴുവനായി കാണാൻ അവൾ തീരുമാനിച്ചു. മഴ നന്നായി പെയ്തുകൊണ്ടേയിരുന്നു. അവൾ മുകളിലെ  നിലയിലേക്കുള്ള കോണിപ്പടിക്കുനേരെ വേഗത്തിൽ നടന്നു. പിന്നെ സാവധാനത്തിൽ മുകളിലേക്കെത്തി.അവൾ എഴുന്നേറ്റോയെന്ന് നോക്കാനായി മുറിയിലേക്ക് അവൾ തിടുക്കത്തോടെ ചെന്നു. മുറിയുടെ വാതിൽ തുറന്നിട്ടിരിക്കുന്നു. അവൽ മുറിയിൽ കയറി നോക്കിയപ്പോൾ അയാൾ ഒരു മാസികയിൽ ലയിച്ചിരിക്കുകയായിരുന്നു. ' ഗുഡ് മോണിങ് സർ, സാറിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നോട് പറഞ്ഞാൽ ഞാൻ അതു ചെയ്തു തരാം' അയാൾ  പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞ് അവളെ  നോക്കി പറഞ്ഞു. 'ഓ സായ നീയായിരുന്നോ, നീ പോയിക്കാണുമെന്ന് ഞാൻ കരുതി, ചായ ഇട്ടു തരാൻ ബുദ്ധിമുട്ടുണ്ടോ, ഇല്ലെങ്കിൽ പെട്ടെന്ന്. '    'ഓ അതിനെന്താ' അവൾ അടുക്കളയിലേക്ക്  ഉത്സിഹത്തോടെ നടന്നുപോയി. അയാൾ ആലോചനയിൽ മുഴുകിയിരുന്നു. പെട്ടെന്ന് ഇന്നലത്തെ സംഭവങ്ങൾ അയാളുടെ മനസ്സിലേക്ക് കടന്നു വന്നു. ആദ്യമായാണ് അയാൾ ഓഫീസിൽ നിന്ന് ലീവെടുത്തത്.അയാൾക്ക് നല്ല പനിയുണ്ടായിരുന്നു, അതിനാൽ തന്നെ ആശുപത്രിയിലേക്ക് അയാൾക്ക് പോയേ തീരൂ  എന്ന അവസ്ഥ വന്നപ്പോൾ മാത്രമാണ്. അയാൾ അതിന് തയ്യാറായത്. ഡോക്ടറെ കാണിച്ച് വീട്ടിലേക്ക് പോകാൻ തുനിയുമ്പോൾ 'സർ ഒന്ന് നിൽക്കുൂ 'എന്ന് പറഞ്ഞു കൊണ്ട് ഒരു പെൺകുട്ടി ഒടിവന്നു.'എന്താ? 'അയാൾ തിരിഞ്ഞ് നിന്ന് ക്ഷീണത്തോടെ ചോദിച്ചു. 'ഞാൻ മായ ഗുപ്ത, സാറിനെ കാണണമെന്ന് ഒരുപാട് നാളായി ഞാൻ വിചാരിക്കുന്നു.ഇപ്പഴാ സാധിച്ചത്,എന്തെന്നാൽ എനിക്ക് ഒരു കേസ് തരാനുണ്ട്.'. ജോലിയോടുള്ള കൂറ്അയാൾക്ക് മറച്ച് വെക്കാൻ ആയില്ല.'പറയൂ'. 'സർ,അത് സർ എന്റെ

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

കൂടെ ഒരു സ്ഥലം വരെ വരണം അത്യാവശ്യമാണ് '. 'ശരി ' വാ പോകാം. 'എങ്ങോട്ടാണെന്ന് പറയൂ '. 'എന്റെ വീട്ടിലേക്ക് '.'ഓ എന്നാൽ ശരി '.അവൾ ഡ്രൈവ് ചെയ്യാൻ തുടങ്ങി.അയാൾ മുൻസീറ്റിലിരുന്ന് ജിജ്ഞാസയോടെ ചോദിച്ചു. 'എന്റെ വീട്ടിൽ രണ്ട് മൂന്ന് ദിവസം മുമ്പ് ഒരു സ്ത്രീ വന്നു.അവർ എനിക്ക് ഒരു കത്ത് തന്നിരുന്നു. എന്നാൽ അതിൽ അഡ്രസോ എഴുത്തോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.പിറ്റേ ദിവസം ആ സ്ത്രീ വന്ന് തയ്യാറാണോന്ന് ചോദിച്ചു. എന്നാൽ,ഞാൻ ഒന്നും മിണ്ടിയില്ല,'. 'ഇപ്പോൾ എല്ലാ ദിവസവും അവർ വരുന്നു എന്നോട് അതേ ചോദ്യം ചോദിക്കുന്നു '. 'ഇതാ എന്റെ വീട് '.അവൾ പറഞ്ഞ് നിർത്തി.എന്നിട്ട് അവർ ഇരുവരും ഇറങ്ങി വീട്ടിലേക്ക് നടന്നു.വീട്ടിലെത്തിയതും അവൾ ഇരിക്കാൻ പറഞ്ഞു.അയാൾ ഇരുന്നപ്പോൾ തോക്കെടുത്ത് അയാളെ ഷൂട്ട് ചെയ്തു.എന്നിട്ട് ഓടിമറഞ്ഞു.'പിന്നെ അയാൾക്ക് ബോധം തെളിഞ്ഞത് ഹോസ്പിറ്റലിൽ വെച്ചാണ് '.അവൾ ആരാണെന്നോ എന്താണെന്നോ അയാൾക്കറിയില്ല. പെട്ടെന്ന് അയാളുടെ ആലോചന മുറിച്ച് ചായ കൊണ്ട് സായ വന്നു.'സർ,സാറിനൊരു കത്തുണ്ട് '.'എന്താത് എവിടന്നാ'. 'അറിയില്ല,ഏതോരു മായ ഗുപ്തയാ അയച്ചിരിക്കുന്നത് ' .അയാൾ കത്ത് വാങ്ങി പൊട്ടിച്ച് വായിച്ചു.'സോറി സർ,എനിക്ക് ആള് മാറിപ്പോയി,കൊട്ടേഷനായിരുന്നു'എന്ന് പറഞ്ഞ് ആ കത്ത് അവസാനിപ്പിച്ചു.അയാൾ ക്ഷീണത്തോടെ തന്റെ ജോലിയുടെ ഭാഗമാണെന്ന് കരുതി ആശ്വസിച്ചു. കാരണം,ഇതിനുമുമ്പ് അയാൾക്ക് ഇതിലും വലിയ പ്രഹരം പലരിൽ നിന്നും കിട്ടിയിട്ടുള്ളതാണ്.അയാളുടെ കഥ ഇവിടെ തീരുകയാണ്.

ഫാത്തിമത്ത് നാഫിയ 9 എ


സംസ്ഥാന സ്കൂൾ കലോത്സവ
ത്തിൽ ഹിന്ദി പദ്യപാരായണ
ത്തിൽ A ഗ്രേഡ് നേടിയ
ലിനോൾഡ് മാത്യുവിന് (8A)
അഭിനന്ദനങ്ങൾ.....


2018-19
സംസ്ഥാന സാമൂഹ്യശാസ്ത്രമേള
അറ്റ്ലസ് നിർമാണം
A ഗ്രേഡ്, 4-ാം സ്ഥാനം
ക്രിസ്റ്റോ അഡോൾഫ് (10A)
അഭിനന്ദനങ്ങൾ



# അനർഘനിമിഷങ്ങൾ

www.manoramaonline.com/news 2018 സെപ്റ്റംബർ

ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി മാലോത്ത് കസബ ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ കൊന്നക്കാട് ടൗണിലേക്കു നടത്തിയ സൈക്കിൾ റാലി.











ജി.എച്ച്.എസ്.എസ് മാലോത്ത് കസബ

## ഒരു സ്വപ്നത്തിന്റെ കഥ

ഏതോ ഒരനാദിയിൽ നിന്നുണരുന്ന
ഉയരുന്ന സ്വപ്നങ്ങളേ;
നിറമില്ലാക്കനവുകൾ എനിക്കു സമ്മാനിച്ച
പകലിന്റെ നിറമുള്ള സ്വപ്നങ്ങളേ;
നിന്റെ നിഴലുകൾ; നിഴലുകൾ
നിറങ്ങൾ മങ്ങിയ നിഴലുകൾ
ജീവൻ തുടിക്കുന്ന അക്ഷരങ്ങൾ
ചലനമില്ലാത്തൊരു ജീവിതയാത്രയിൽ
ഞാൻ തേടുന്നു നിന്നെ;
നിൻ നിഴലുകളെവിടെ;എവിടെ?
നീ എവിടെ? നിൻ അസ്ഥിത്വമെവിടെ?
മറഞ്ഞുവോ നീയിന്ന് എന്നിൽ നിന്ന്?
ഈ ചില്ല് വാതിലിനപ്പുറത്തെ-
വിടെയോ മറഞ്ഞുനീ
ഞാനിന്ന് ഏകയായ്.......
ഏകയായി

മാളവിക പി 10 എ



ആര്യ ബാലകൃഷ്ണൻ 9 ഡി

പച്ച





പച്ച 30

ഹൃദയപൂർവ്വം..............

ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ റെജി സാറിനും ജോയ ടീച്ചർക്കും നന്ദി, നന്ദിമാത്രം.

എഡിറ്റർ
മെബിൻ വിൻസെന്റ്

ജി.എച്ച്.എസ്.എസ് മാലോത്ത് കസബ